**അഹ്മദ് വസീം എ.ജെ.**

## വിഷമവൃത്തം

**നി**ന്റെ അക്ഷരങ്ങളാണ്
എനിക്ക് കവിതയുടെ
വിഷമവൃത്തം
വരച്ചു തന്നത്..

## അവധാനം

**ചു**റ്റിലുള്ളത് വെട്ടിപ്പിടിച്ച്
നിന്റെ ഇടവും വലവും കൈക്കലാക്കി
എന്റെ വഴിദൂരം നിന്നിലേക്കായിരുന്നു..
എന്റെ ആദ്യ ലക്ഷ്യവും
അവസാന ഇരയും

## അതിര്

**ഹസനുൽബന്ന പെരുമ്പാവൂർ**

**ഒ**ടുവിൽ
തുറങ്കിൽ പാളയത്തിലെ
ഇരുട്ടറകളിൽ
അവരെനിക്ക് പാ വിരിച്ചു..

അന്ധകാരങ്ങളിൽ ഞാൻ കണ്ടത്
വെളുത്ത സ്വപ്നങ്ങൾ മാത്രം..

സ്വപ്നങ്ങളെയുണ്ടോ
അവർക്ക്
വിലങ്ങ് വെക്കാനൊക്കുന്നു..



## അക്ഷരാർഥം...

**മഞ്ഞിയിൽ**

**അ**ലിഫ്
ലാം.........
മീം.........

അലിഫ്
ഒരക്ഷരമല്ല
പ്രകാശ നിർഝരിയുടെ
അണയാത്ത നെയ്തിരി .

ലാം ........
ഒരക്ഷരമല്ല
ആദർശ സാക്ഷ്യത്തിന്റെ
അടങ്ങാത്ത പടഹധ്വനി.

മീം ......
ഒരക്ഷരമല്ല.
വഴി കാട്ടിയുടെ
നാദ ബ്രഹ്മ സ്വരജതി.
...............

അറിവിന്റെ ലോകത്തെ
ആശയ കിരണങ്ങളെ
ഗർഭം ചുമന്ന അക്ഷരങ്ങൾ.

പദ പഥങ്ങളിൽ
ചംക്രമണം ചെയ്യുന്ന
സൗര(സാര) യൂഥങ്ങൾ.

ചിന്താ സരണികളിലൊതുങ്ങാത്ത
തൂലികത്തുമ്പിൽ വഴങ്ങാത്ത
പുസ്തകത്താളുകളിൽ
പതിഞ്ഞു തീരാത്ത
ആശയ പ്രപഞ്ചം.

വായനയുടെ
ആത്മീയ വിഹായസ്സിൽ
ഉദിച്ചുയരുന്ന
നവ ജാത ഗ്രഹങ്ങളിൽ
അക്ഷരാർഥം
തിരയുന്ന
വസന്ത ലോകം.
............